നം.കെ.എസ്.എ–കെ.ടി.എം.പി.6/86/2019 തീയതി : 15.02.2019

<u>കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വര്‍ഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോര്‍ട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കല് ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കല് ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വര്‍ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.17 മുതല് 31.03.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളില്‍ നിന്നുള്ള പണം പിന്‍വലിക്കലുകള് എന്നിവയും പരിശോധിച്ചു.

ഓഡിറ്റില്‍ കണ്ടെത്തിയ അപാകതകള്‍ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയില്‍പ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകള് നല്‍കിയതില് 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമര്‍ശങ്ങള് 23.1.19ല്‍ നടന്ന ഓഡിറ്റ് സമാപനയോഗത്തില് അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങള്‍ മാത്രമാണ് ഓഡിറ്റ് റിപ്പോര്‍ട്ടില് ചേര്‍ത്തിരിക്കുന്നത്. ഈ റിപ്പോര്‍ട്ടില് ഉള്‍പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടര്‍ നടപടികള് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തില്‍ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോര്‍ട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നല്‍കിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തില്‍ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്‍ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടര്‍ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.01.2019 മുതല് 23.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥര്‍ | ശ്രീമതി സുധാജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് |

| | | |
|---|---|---|
| | | ഓ◌ാഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓ◌ാഡിറ്റ് ഓ◌ാഫീസർ |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓ◌ാഡിറ്റ് ഓ◌ാഫീസർ |
| | ശ്രീ.ആൽബിന് സിറിയക് | ഓ◌ാഡിറ്റർ |

<u>നിർവഹണാധികാരികള്</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ചിത്രലേഖ കെ.ആർ. | പ്രസിഡന്റിന്റെ ചുമതല 01.04.17 മുതല് 03.06.17 വരെ |
| | അഡ്വ.ജി.ഷീബ, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണ് | പ്രസിഡന്റിന്റെ ചുമതല 04.06.17 മുതല് 26.06.17 വരെ |
| | ശ്രീമതി ലത അശോകൻ | 27.06.17 മുതല് 31.03.18 വരെ |
| ചെയർപേഴ്സണ് (ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീ.കെ.കെ.രമേശൻ | 01.04.17 മുതല് 03.06.17 വരെ |
| | ശ്രീ.എം.കെ.സനിൽകുമാര് | 26.06.17 മുതല് 31.03.18 വരെ |
| ചെയർപേഴ്സണ് (വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | അഡ്വ.ജി.ഷീബ | 01.04.17 മുതല് 31.03.18 വരെ |
| ചെയർപേഴ്സണ് (ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീ.പ്രേമദാസൻ എം. | 01.04.17 മുതല് 31.03.18 വരെ |

| | | |
|---|---|---|
| ചെയർപേഴ്സണ് (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീമതി സീന ബിജു | 01.04.17 മുതല് 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.എ.കെ.ജയപ്രകാശ് | 01.04.17 മുതല് 31.03.18 വരെ |

<u>മറ്റ് നിർവഹണോദ്യോഗസ്ഥര്</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ശോഭ പി.പി. | 01.04.17 മുതല് 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജി.രഘുനാഥൻ | 01.04.17 മുതല് 21.06.17 വരെ |
| | ശ്രീ.സോണി മാത്യു | 22.06.17 മുതല് 03.07.17 വരെ |
| | ശ്രീമതി സൗമ്യ എം. | 04.07.17 മുതല് 31.07.17 വരെ |
| | ശ്രീ.ജിജിമോൻ എം.ടി. | 03.08.17 മുതല് 31.08.17 വരെ |
| | ശ്രീ.രമേഷ് പി.ആർ. | 11.09.17 മുതല് 30.11.17 വരെ |
| | ശ്രീ.അനൂപ് എൻ. | 01.12.17 മുതല് 31.03.18 വരെ |
| ഹെഡ്മാസ്റ്റര് | ശ്രീമതി കെ.എം. ബിജുമോൾ | 01.04.17 മുതല് 06.06.17 വരെ |
| | ശ്രീ.ജോയി എം.കെ. | 07.06.17 മുതല് 31.03.18 വരെ |
| വെറ്ററിനറി സർജന് | ഡോ.എ.ജി.ജിയോ | 01.04.17 മുതല് 30.11.17 വരെ |
| | ഡോ.റെജി വർഗ്ഗീസ് | 01.12.17 മുതല് 08.03.18 വരെ |
| | ഡോ.കോശി തങ്കച്ചൻ | 08.03.18 മുതല് 31.03.18 വരെ |
| വി.ഇ.ഒ | ശ്രീ.എ.പി.റെജിമോൻ | 01.04.17 മുതല് 31.07.17 വരെ |
| | ശ്രീ.അഫ്സല് | 01.08.17 മുതല് 31.03.18 വരെ |
| | ശ്രീ.ബിജുമോൻ | 01.04.17 മുതല് 31.03.18 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസര്, സി.എച്ച്.സി. | ഡോ.സ്നേഹ യു.ആർ. | 01.04.17 മുതല് 30.09.17 വരെയും, 22.02.18 മുതല് 31.03.18 വരെയും |
| | ഡോ.റെജീഷ് | 01.10.17 മുതല് 22.02.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസര് | ശ്രീമതി ശ്രീമോൾ | 01.04.17 മുതല് 31.03.18 വരെ |
| അസിസ്റ്റന്റ് എൻജിനിയർ എൽ.എസ്.ജി.ഡി | ശ്രീമതി ശോഭിനി ടി.വി. | 01.04.17 മുതല് 03.10.17 വരെ |
| | ശ്രീമതി ലില്ലിക്കുട്ടി | 04.10.17 മുതല് 06.10.17 വരെ |
| | ശ്രീമതി ഗ്രീഷ്മ ജി. | 06.10.17 മുതല് 05.01.18 വരെ |
| | ശ്രീമതി അഞ്ജു മോഹനൻ | 05.01.18 മുതല് 06.01.18 വരെ |
| | ശ്രീമതി സെറിൻ | 06.01.18 മുതല് 31.03.18 വരെ |
| ഡയറി എക്സ്റ്റൻഷന് ഓഫീസർ | ശ്രീ.മനോജ് | 01.04.17 മുതല് 31.03.18 വരെ |
| മെഡിക്കൽ ഓഫീസര്, ആയുർവ്വേദം | ശ്രീമതി ഷൈനി ബി. | 01.04.17 മുതല് 31.03.18 വരെ |
| സബ് ഇൻസ്പെക്ടര് ഓഫ് ഫിഷറീസ് | ശ്രീമതി മറ്റം മെറിറ്റ് കുര്യൻ | 01.04.17 മുതല് 31.03.18 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ |

| | വിവരം |
|---|---|
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോള് രജിസ്റ്റര് പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി - അവലോകനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങള് | |
| 2-1-1 | വസ്തുനികുതി - 9 ലക്ഷത്തിലധികം രൂപ കുടിശ്ശിക നിലനിൽക്കുന്നു |
| 2-1-2 | വസ്തുനികുതി - ഹാളുകളുടെ നികുതി നിർണ്ണയിച്ചിട്ടില്ല |
| 2-1-3 | ബി.എസ്.എൻ.എൽ. മൊബൈൽ ടവര് - വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-2-1 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകള് |
| 2-2-2 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-3 | വാടക - അപാകതകള് |
| 2-4-1 | റേഷൻ റീട്ടെയില് ഡിപ്പോകള് ലൈസൻസ് എടുക്കുന്നില്ല |
| 2-4-2 | വാണിജ്യ - വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസ് ലിസ്റ്റില് ഉൾപ്പെട്ടില്ല |
| 2-4-3 | ലൈസൻസ് അപേക്ഷകളില് ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 2-5 | കുത്തകപ്പാട്ടം ഈടാക്കിയിട്ടില്ല |
| 2-6 | പ്രത്യേക ആവശ്യത്തിന് ലഭിച്ച തുകകൾ വിനിയോഗിച്ചിട്ടില്ല |
| 2-7 | രേഖകൾ ഹാജരാക്കിയിട്ടില്ല |

| | |
|---|---|
| 2-8 | ഇ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിക്കാന് നടപടികള് സ്വീകരിക്കണം |
| ഭാഗം **3** ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങള് | |
| 3-1 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 3-2 | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം പദ്ധതി - അപാകതകള് |
| 3-3 | കാട്ടിക്കുന്ന് - തുരുത്തേൽ പാലം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എൽ.ബി.എസ്.ന് തുക നൽകിയത് - ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 | കൂടിയ നിരക്കിൽ യു.പി.എസ്.വാങ്ങി - നെഗോഷ്യേറ്റ് സാദ്ധ്യതകള് അന്വേഷിച്ചില്ല |
| 3-5 | തെരുവുവിളക്ക് റിപ്പയർ - വിശദാംശങ്ങള് ഇല്ല |
| 3-6 | സ്ട്രീറ്റ്ലൈന് എക്സ്റ്റൻഷന് - വിനിയോഗവിവരമില്ല |
| 3-7 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകള് |
| 3-8 | ഗുണഭോക്തൃസമിതി കൺവീനർക്ക് പ്രവൃത്തി - 20,571 രൂപ അധികം നൽകി |
| 3-9 | സേവനനികുതി കേന്ദ്രസർക്കാരിലേക്ക് അടവാക്കിയിട്ടില്ല |
| 3-10 | സ്പിൽഓവര് പദ്ധതികള് നടപ്പിലാക്കാത്തത് സംബന്ധിച്ച് |
| 3-11 | മൽസ്യത്തൊഴിലാളികൾക്ക് വല - അധികമായി 5,000 രൂപ പിൻവലിച്ചു |
| 3-12 | ആട് വളർത്തല് (ജനറൽ)(എസ്.സി.)-രേഖകൾ ലഭ്യമായില്ല |
| 3-13 | ഫലവൃക്ഷത്തൈകളുടെ വിതരണം - അപാകതകള് |
| 3-14 | തുല്യതാ വിദ്യാഭ്യാസ പദ്ധതി - രേഖകള് പൂർണ്ണമല്ല - 56,250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-15 | ലൈഫ് ഭവനനിർമ്മാണം - പൂർത്തീകരണ വിവരങ്ങള് ലഭ്യമല്ല |
| 3-16 | മെഡിക്കൽ ഉപകരണങ്ങള് ലഭ്യമായിട്ടില്ല - 96,224 രൂപ തടസ്സപ്പെടുത്തുന്നു |
| 3-17 | ബ്ലോക്ക് വിഹിതത്തിൽ നിന്ന് വാങ്ങിയ റഫ്രിജറേറ്ററും മറ്റ് ഉപകരണങ്ങളും സ്റ്റോക്കിൽ എടുത്തിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം **4** പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |

| | |
|---|---|
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടില് ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങള് |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാന് അവശേഷിക്കുന്ന റിപ്പോർട്ടുകള് |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2017-18 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചര് സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.03.17 തീയതിയിലെ 21/1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 48,961.08 | 39,80,921.68 | 39,31,960.60 | |
| വരവ് | 1,87,32,26,643.00 | 5,46,37,292.00 | | 1,81,85,89,351 |
| ആകെ | 18,73,75,604.08 | 5,86,18,213.68 | 12,87,57,390 | |
| ചെലവ് | 18,33,60,619.00 | 5,83,45,906.00 | 12,50,14,713 | |
| നീക്കിയിരിപ്പ് | 40,14,985.08 | 2,72,307.68 | 37,42,677.4 | |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണെന്ന് മേൽ പട്ടികയിലെ വിശകലനത്തില് ബോധ്യമാകുന്നു. പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യഥാർഥ തുകകളുമായി വളരെയേറെ അന്തരം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കാതെയും ആവശ്യമായ മുന്നൊരുക്കം നടത്താതെയുമാണ് ബജറ്റ് തയ്യാക്കുന്നത് എന്ന് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങള് ബജറ്റ് തയ്യാറാക്കുന്നതില് പാലിക്കുന്നില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 28.04.18-ലെ 6-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്വെയര് മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 08.05.18ലെ 1587/2018നം. കത്ത് പ്രകാരം 10.05.18-ാം തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 13.06.2018, 14.06.2018 തീയതികളില് നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷന് റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 21.06.18 ലെ കെ.എസ്.എ.-കെ.ടി.എം.പി6.1116/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന അപാകതകള് ഖണ്ഡിക 1-12 ല് നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 39,80,921.68 |
| വരവ് | 5,46,37,292.00 |
| ആകെ | 5,86,18,213.68 |
| ചെലവ് | 5,83,45,906.00 |
| നീക്കിയിരിപ്പ് | 2,72,307.68 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോള് രജിസ്റ്റര് പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,38,28,000 | 1,38,28,000 | 1,08,21,417 | 30,06,583 | 78.25 |
| വികസനഫണ്ട് എസ്.സി.പി. | 0 | 48,31,048 | 48,31,048 | 42,43,721 | 5,87,327 | 87.84 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 82,967 | 82,967 | 10,580 | 72,387 | 12.75 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 1,23,32,000 | 1,23,32,000 | 90,70,222 | 32,61,778 | 73.55 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 30,18,000 | 30,18,000 | 28,77,278 | 1,40,722 | 95.33 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 64,94,568 | 64,94,568 | 42,13,141 | 22,81,427 | 64.87 |
| പെർഫോമൻസ് ഗ്രാന്റ്(KLGSDP) | 0 | 24,19,526 | 24,19,526 | 24,09,020 | 10,506 | 99.56 |
| ജനറൽ പർപ്പസ് ഫണ്ട് (ടി.എസ്.ബി.) | 20,03,177 | 98,10,367 | 1,18,13,544 | 1,11,29,246 | 6,84,298 | 94.2 |
| എസ്.എസ്.എ | 7,592 | 302 | 7,894 | 0 | 7,894 | 0 |
| ദുരിതാശ്വാസ നിധി | 35,946 | 1,067 | 37,013 | 11,500 | 25,513 | 31.07 |
| MGNREGS | 471 | 2,57,58,799 | 2,57,59,270 | 2,57,58,474 | 796 | |
| എസ്.ബി.ഐ ഇ പേ | 0 | 8,176 | 8,176 | 8,176 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ബി-ഫണ്ട് | 0 | 3,35,99,680 | 3,35,99,680 | 3,35,99,680 | 0 | 100 |
| ഗ്രാമസ്വരാജ് ബാങ്ക്(തനത്) | 14,883.18 | 5,29,751 | 5,44,634.18 | 4,79,401 | 65,233.18 | 88.02 |
| സിൻഡിക്കേറ്റ് ബാങ്ക്(തനത്) | 19,18,722 | 63,91,921 | 83,10,643 | 72,89,314 | 10,21,329 | 87.71 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകള് നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 7,52,82,704 | 134 | 3,73,91,006 | - | 49 | 73 |

2017-18 വർഷം വിവിധ നിർവ്വഹണോദ്യോഗസ്ഥര് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം, ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിരവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 20,14,566 | 14,86,961 |
| വെറ്ററിനറി സർജന് | 10 | 9 | 17,88,175 | 12,08,187 |
| പി.എച്ച്.സി. മെഡിക്കൽ ഓഫീസര് | 5 | 4 | 19,45,000 | 19,00,036 |
| ആയുർവ്വേദ മെഡിക്കല് ഓഫീസര് | 2 | 2 | 6,00,000 | 6,00,000 |
| സബ് ഇൻസ്പെക്ടര് ഓഫ് | 5 | 5 | 13,00,000 | 10,95,600 |

| | | | | |
|---|---|---|---|---|
| ഫിഷറീസ് | | | | |
| വി.ഇ.ഒ./എൽ.വി.ഇ.ഒ. | 3 | 3 | 16,50,000 | 14,75,000 |
| ഐസിഡിഎസ് സൂപ്പർവൈസര് | 5 | 5 | 27,65,890 | 26,18,067 |
| സെക്രട്ടറി | 25 | 19 | 1,55,93,194 | 34,99,766 |
| എച്ച് എം | 4 | 4 | 5,78,000 | 5,69,284 |
| വി.ഇ.ഒ. | 11 | 8 | 61,33,000 | 27,45,000 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 2182000 | 21,14,358 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 55 | 37042879 | 1,68,83,747 |
| ഡയറി എക്സ്റ്റൻഷന് ഓഫീസര് | 3 | 3 | 1690000 | 11,95,000 |
| ആകെ | 183 | 134 | 75282704 | 3,73,91,006 |

വാർഷികപദ്ധതി

2017-18 വാർഷിക പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായുള്ള ആദ്യ ഗ്രാമസഭകള് 23.03.17 ൽ ചേർന്നു. തുടർന്നുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പു ഗ്രാമസഭ 19.07.17 നും ചേർന്നു. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 02.05.17 നും ഊരുകൂട്ടയോഗം 10.09.17 നും ചേർന്നു. വികസനസെമിനാർ 02.05.17 നു ചേർന്നു. 2017-18 വാർഷികപദ്ധതി 26.5.17 ലെ പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകി. തുടർന്ന് 20.07.18 ലെ നം.490/17/DPC/DPC/KTM നം. ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെയും അംഗീകാരം ലഭിച്ചു. സ്പിൽ ഓവര് ഉൾപ്പെടെ ആകെ 183 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതില് 134 പ്രോജക്ടുകള് തൻവർഷം നടപ്പിലാക്കി. വിവിധ ഫണ്ടുകളില് നിന്ന് ആകെ 7,52,82,704 രൂപ വകയിരുത്തിയതിൽ 3,73,91,006 രൂപ തൻവർഷം ചെലവഴിച്ചു.

തൻവർഷം വിവിധ സ്രോതസ്സുകളിൽ നിന്ന് ആകെ വകയിരുത്തിയ തുകയില് 49.66% മാത്രമേ ചെലവഴിയ്ക്കാൻ സാധിച്ചുള്ളു. ഇതിൽ തന്നെ പൊതുവിഭാഗത്തിനായി വകയിരുത്തിയ തുകയിൽ 48.07%-ഉം, പട്ടികജാതി വിഭാഗത്തിനായി വകയിരുത്തിയതിൽ 67.35%-ഉം പട്ടികവർഗ്ഗ വിഭാഗത്തിനായി വകയിരുത്തിയതില് 10.47%-ഉം മാത്രമാണ് ചെലവഴിയ്ക്കാനായത്. ഇത് പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ഉദ്യോഗസ്ഥ-ഭരണതലത്തിലുണ്ടായ പോരായ്മയാണ്.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഫിഷറീസ് സബ്ഇൻസ്പെക്ടര് നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ ചില

പദ്ധതികളിൽ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം ഉണ്ടായി. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും രേഖകൾ കൃത്യമായി സൂക്ഷിയ്ക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും മിനിട്സ് തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവ് കണക്കുകൾ അംഗീകരിയ്ക്കുന്നതു കൂടാതെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികള് സ്വീകരിയ്ക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ടുകളുടെ നടത്തിപ്പ് വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങള് ധനകാര്യകമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരാമത്ത് പ്രവൃത്തികള് എല്ലാം ഫലപ്രാപ്തിയിലെത്തിയ്ക്കാൻ സാധിച്ചില്ല. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്ഷേമപെൻഷനുകള് കൃത്യമായി വിതരണം ചെയ്യുന്നതും അർഹരായവരെ ശുുപാർശ ചെയ്യുന്നതുമുൾപ്പെടെയുള്ള പ്രവർത്തനങ്ങള് ചെയ്തിട്ടുണ്ട്. ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി വിവിധ മെഡിക്കൽ ഓഫീസർമാര് മുഖേനയുള്ള മരുന്ന് വാങ്ങല് പദ്ധതികൾ നടപ്പാക്കുന്നതില് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നതു മുതൽ പദ്ധതി നടത്തിപ്പ് വരെ മോണിറ്റര് ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. 17-18 വർഷം ഒട്ടുമിക്ക വർക്കിംഗ് ഗ്രൂപ്പുകളും ഒരു തവണ മാത്രമാണ് യോഗം ചേർന്നത്.

## 1-7 തൊഴിലുറപ്പ് പദ്ധതി- അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബര് ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ലേബര് ബജറ്റ് പ്രകാരം ആകെ 190 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 412 പ്രോജക്ടുകളിൽ 357 പ്രോജക്ടുകള് തൻവർഷം പൂർത്തിയാക്കി. തൻവർഷം 90025 തൊഴിൽദിനങ്ങള് സൃഷ്ടിക്കപ്പെട്ടു. 1498 കുടുംബങ്ങള് പദ്ധതിയുമായി സഹകരിച്ചു. ജലസംരക്ഷണപ്രവർത്തി, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, ഭൂവികസനം, റോഡ് നിർമ്മാണം തുടങ്ങിയവയാണ് തൻവർഷം ഏറ്റെടുത്ത പ്രവർത്തികൾ. 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം

ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 471 | 15,15,050 | 15,15,521 | 15,14,725 | 796 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 2,42,43,749 | 2,42,43,749 | 2,42,43,749 | 0 |
| | 471 | 2,57,58,799 | 2,57,59,270 | 2,57,58,474 | 796 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 145 | 85,680 |
| കർഷകതൊഴിലാളി പെൻഷന് | 1296 | 38,19,300 |
| വിധവാപെൻഷന് | 2044 | 62,26,700 |
| വാർദ്ധക്യകാലപെൻഷന് | 6459 | 1,95,70,900 |
| വികലാംഗപെൻഷന് | 1028 | 32,19,100 |
| അവിവാഹിത പെൻഷന് | 137 | 4,38,000 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹധനസഹായം | 8 | 2,40,000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

17.01.19 തീയതിയില് 2.40 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് കാഷ്യറുടെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 13,192 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

കൃത്യമായ ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ വിവിധ സെക്ഷനുകൾക്ക് ചുമതലകള് കൈമാറിയിട്ടുണ്ട്. നിർവഹണോദ്യോഗസ്ഥരുടെ റിക്വസിഷനുകളുടെയും അലോട്ട്മെന്റ് ലെറ്ററുകളുടെയും അടിസ്ഥാനത്തിൽ ആണ് ഫണ്ടുകൾ കൈമാറുന്നത്. എന്നാൽ ട്രഷറി ബിൽ മുഖേന മാറുന്ന തുകകൾക്ക് വൗച്ചര് നം. നൽകി വൗച്ചര് ഫയലിൽ സൂക്ഷിയ്ക്കുന്നില്ല. വിവിധ കമ്മിറ്റികളുടെ മിനിറ്റ്സ് കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകള് സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ ക്രമമായി അനുബന്ധരേഖകൾക്കൊപ്പം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ പ്രോജക്ടുകൾ ട്രഷറി ബില്ലുകളും പ്രോജക്ട് പ്രൊഫോർമയും ക്വട്ടേഷന് ഉൾപ്പെടെയുള്ള അനുബന്ധരേഖകളും പ്രത്യക ഫയലുകളായാണ് സൂക്ഷിച്ചിരിയ്ക്കുന്നത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2018 | 11/18 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2013 – 06.03.2013 | 2007-08, 2011-12 | LBA(HQ)/11/8A-1938/828 തീ.09.04.13 |

## 1-12 വാർഷികകണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകള് പരിശോധിച്ച് കണ്ടെത്തിയ അപാകതകള് ചുവടെ ചേർക്കുന്നു.

1) സ.ഉ.(എം.എസ്)152/2011/തസ്വഭവ തീയതി 26.07.2011ലെ നിർദ്ദേശങ്ങള് പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടില്ലാത്തതിനാല് പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവന് സാധിച്ചില്ല.
3) ക്ലോസ് ചെയ്ത അക്കൗണ്ടുകളിലെ നാമമാത്രമായ തുകകൾ പ്രാരംഭബാക്കിയിലും നീക്കിയിരിപ്പിലും നിലനിൽക്കുന്നു.
4) കുത്തകപ്പാട്ടം ഇനത്തിനത്തിലുള്ള ബാലൻസ് തുകയുടെ (ബി.15) കൃത്യത പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
5) വസ്തുനികുതിയിനത്തില് വാർഷികകണക്കിലെ കളക്ഷന്, ബാലൻസ് തുകകള് സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6) 431910101 (State Govt.Cesses/Levies in property taxes Centrol account) ശീർഷകത്തില് ഉൾപ്പെടുത്തിയിരിക്കുന്ന ലൈബ്രറി സെസ് ഇനത്തിലെ തുക, വസ്തുനികുതിയിനത്തിലെ കുടിശ്ശിക തുകയുടെ 5 ശതമാനമായല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്.
7) കുടിശ്ശിക തുകകൾക്ക് തന് വർഷം പ്രൊവിഷന് രേഖപ്പെടുത്തിയിട്ടില്ല.
8) പഞ്ചായത്തിന്റെ വാഹന ഇനത്തിലുള്ള ആസ്തിയും ആസ്തിയുടെ ഡിപ്രീസിയേഷനും പ്രത്യേക ശീർഷകത്തില് ഉൾപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല.
9) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 3 പ്രോജക്ടുകള് പ്രകാരം 51,070 രൂപ സേവനനികുതി ഈടാക്കിയിരുന്നു. സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള ടി തുക ബി7 പത്രികയില് കോൺട്രാക്ടേഴ്സ് റിട്ടൻഷന് എന്ന ശീർഷകത്തിലാണ് വരവ് വെച്ചിട്ടുള്ളത്.

അവശേഷിക്കുന്ന അപാകതകൾ പരിഹരിച്ച് അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി വിശദാംശങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങള്

## 2-1-1 വസ്തുനികുതി- 9 ലക്ഷത്തിലധികം രൂപ കുടിശിക നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂള് ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|

| | | |
|---|---|---|
| 431100101 | റെസിഡെൻഷ്യല് (കറണ്ട്) | 15,836 |
| 431100102 | റെസിഡെൻഷ്യല് (അരിയർ) | 1,40,773 |
| 431100103 | നോൺ റെസിഡെൻഷ്യല് (കറണ്ട്) | 2,62,073 |
| 431100104 | നോൺ റെസിഡെൻഷ്യല് (അരിയർ) | 5,27,895 |
| ആകെ | | **9,46,577** |

വസ്തുനികുതിയിലെ കുടിശിക 2018-19 വർഷത്തില് പൂർണ്ണമായും പിരിച്ചെടുക്കാനുള്ള നടപടികള് സ്വീകരിക്കേണ്ടതാണ്.

## 2-1-2 വസ്തു നികുതി- ഹാളുകളുടെ നികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണം ഏകദേശം പൂർത്തിയായതായി കാണുന്നു. എന്നാൽ കാട്ടിക്കുന്ന് വാർഡില് പ്രവർത്തിക്കുന്ന എ.കെ.ഡി.എസ് പണ്ഡിറ്റ് കറുപ്പൻ ഓഡിറ്റോറിയത്തിന്റെ നികുതി സഞ്ചയ സോഫ്റ്റ്വെയറില് ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ 6/295 നമ്പര് കെട്ടിടം (സെന്റ് ജോർജ് ജാക്കൊബൈറ്റ് ചർച്ചിന്റെ ഹാൾ) ആരാധനാലയങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കിയിട്ടുണ്ട്. 6/294 നമ്പര് കെട്ടിടമാണ് ചർച്ച് എന്ന് രേഖപെടുത്തിയിരിക്കുന്നത്. ടി കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കാത്തതിന് രേഖാമൂലം വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.10/19.1.19)മറുപടി ലഭ്യമാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വെച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങള്, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകള് എന്നിവയെ വസ്തുനികുതി ചുമത്തുന്നതില് നിന്ന് ഒഴിവാക്കിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-1-3 ബി.എസ്.എൻ.എൽ മൊബൈല് ടവര് -വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 14- ാം വാർഡില് സ്ഥിതി ചെയ്യുന്ന ബി.എസ്.എൻ.എൽ ടവറിന്റെ വസ്തു നികുതി നിണ്ണയിച്ചതായി കാണുന്നില്ല. നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.11/19.1.19)മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി ചുമത്തുമ്പോള് പെർമിറ്റ് എടുത്ത മുഴുവന് ഭാഗത്തിനും (ടവർ നിൽക്കുന്ന സ്ഥലം - ഫൗണ്ടേഷനും, അനുബന്ധ മുറികൾക്കും ഉൾപ്പെടെ) സ.ഉ.(അ)19/2011/തസ്വഭവ/തീ.14.01.2011ൽ നിർദ്ദേശിക്കും പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തി നാളിതു വരെയുള്ള തുക പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകള്

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകള് ചുവടെ ചേർക്കുന്നു.

**1.** <u>തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങള് ജീവനക്കാരുടേയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി അടയ്ക്കുവാന് ബാധ്യസ്ഥരാണ്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകള് എന്നിവ പരിശോധിച്ചതിൽ നിന്ന് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളില് നിന്നും ജീവനക്കാരുടെ തൊഴില് നികുതി ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | സെൻട്രല് ബാങ്ക് ഓഫ് ഇൻഡ്യ, ചെമ്പ് | 2 |
| 2 | കൊശമറ്റം ഫിനാൻസ്, ചെമ്പ് | 1, 2 |
| 3 | മുത്തൂറ്റ് ഫിൻ കോർപ്പ്, ചെമ്പ് | 1 |
| 4 | ക്ഷീരോത്പാദക സഹകരണ സംഘം, | 1, 2 |

| | | |
|---|---|---|
| | ചെമ്പ് | |
| 5 | ആയുഷ് പി.എച്ച്.സി, ബ്രഹ്മമംഗലം | 1 |
| 6 | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ | 1, 2 |

ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

**2.** തൊഴിൽ നികുതി കുറവായി ഈടാക്കി

2017-18 സാമ്പത്തിക വർഷത്തെ തൊഴില് നികുതി റിട്ടേണുകള് പരിശോധിച്ചതില് നിന്ന് ചെമ്പ് സെൻട്രല് ബാങ്ക് ഓഫ് ഇൻഡ്യയിലെ ശുഭം രാജു (അസിസ്റ്റന്റ് മാനേജർ) എന്ന ജീവനക്കാരന്റെ ഒന്നാം അർദ്ധവാർഷിക വരുമാനം 1,58,328 രൂപയാണ്. പ്രസ്തുത ജീവനക്കാരനിൽ നിന്ന് 1,250 രൂപ തൊഴില് നികുതിയിനത്തിൽ (ഒന്നാം അർദ്ധവർഷം) ഈടാക്കേണ്ടതായിരുന്നുവെങ്കിലും 832 രൂപ മാത്രമേ പ്രസ്തുത ഇനത്തില് ഈടാക്കിയിട്ടുള്ളൂ.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/21.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന 418 രൂപ തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽനികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2017-18 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വൈക്കം അർബന് കോ-ഓപ്പറേറ്റീവ് ബാങ്ക്, ചെമ്പ് | 1,2 |
| 2 | സെൻട്രല് ബാങ്ക്, ചെമ്പ് | 1,2 |
| 3 | കൊശമറ്റം ഫിനാൻസ്, ചെമ്പ് | 1,2 |

| | | |
|---|---|---|
| 4 | കെ.എസ്.ഇ.ബി, ചെമ്പ് | 1 |
| 5 | ബി.എസ്.എൻ.എൽ., ചെമ്പ് | 1,2 |
| 6 | ക്ഷീരോത്പാദക സഹകരണ സംഘം, ചെമ്പ് | 1,2 |
| 7 | സുമ കേരള പാലസ്, ചെമ്പ് | 1,2 |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിനു ആനുപാതികമായ സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്, (15/21.01.19) ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. തൊഴിൽനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 വാടക- അപാകതകള്

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നല്കുന്നതിനുള്ള നടപടിക്രമങ്ങളിലും രേഖകളുടെ സൂക്ഷിപ്പിലും അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. അവ താഴെ കൊടുക്കുന്നു.

**1.** പൊതു അപാകതകൾ

എ) മുറികളുടെ വിവരങ്ങളടങ്ങിയ ഇൻഡക്സ് തയ്യാറാക്കിയിട്ടില്ലാത്തതിനാല് ആകെ എത്ര മുറികളാണ് വാടകയ്ക്കു നൽകാന് സാധിക്കുന്നത്, നിലവിൽ ഏതെല്ലാം കുത്തകക്കാരാണ് ഉള്ളത്, ഒഴിഞ്ഞുകിടക്കുന്ന മുറികൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. വാടകയുടെ അടവാക്കൽ നിരീക്ഷിക്കുന്നതിനുള്ള ഡിമാന്റ് രജിസ്റ്റര് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.

ബി) കുത്തകക്കാർ സെക്യൂരിറ്റി നിക്ഷേപം ഒടുക്കാതെ തുടരുന്നതിനാല് കരാര് ഒഴിയുമ്പോൾ അവരുടെ ബാദ്ധ്യതകള് ക്രമീകരിക്കുന്നതിന് സാധ്യമാകാതെ വരുന്നു. എല്ലാ കുത്തകക്കാരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപതുക ഈടാക്കി പഞ്ചായത്ത് ഫണ്ടില് ബാധ്യതയായി സാംഖ്യ കണക്ക് ശീർഷകം 340200101-Rent Deposit-ൽ സൂക്ഷിക്കേണ്ടതാണ്.

സി) 2017-18 സാമ്പത്തിക വർഷം വാടകക്കാരുമായുള്ള കരാര് ചമച്ചിട്ടില്ല.

ഡി) വാടക നടപടിക്രമങ്ങൾ, വാടക രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, വാടക സെക്യൂരിറ്റി നിക്ഷേപം എന്നീ വിഷയങ്ങളിലുള്ള അപാകതകള് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

**2.** വാടക കുടിശ്ശിക - പിഴ പലിശ സഹിതം ഈടാക്കണം

2017-18 കാലയളവില് പഞ്ചായത്ത് വക വാടക കെട്ടിടങ്ങളില് നിന്ന് വാടകയിനത്തില് 20,015/- രൂപ പിരിച്ചെടുക്കാനവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കുത്തകക്കാരൻ | പ്രതിമാസവാടക | കുടിശ്ശിക | കാലയളവ് |
|---|---|---|---|---|---|
| 1 | 4/640 D | പി.എൻ.രഘു | 879 | 10,548 | 2017 ഏപ്രില് മുതല് 2018 മാർച്ച് വരെ |
| 2 | 4/460 C | ശശി വലിയപറമ്പിൽ | 783 | 7,047 | 2017 ജൂലൈ മുതല് 2018 മാർച്ച് വരെ |
| 3 | 12/55 | പവിത്രൻ | 1,210 | 2,420 | 2017 ജൂണ് മുതല് 2017 ജൂലൈ വരെ |
| ആകെ | | | | **20,015** | |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്, (17/21.01.19) കുടിശ്ശികക്കാരിൽ നിന്ന് വാടക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക പലിശ്ശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4-1 റേഷൻ റീട്ടെയില് ഡിപ്പോകള് ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളില് ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയില് ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയില് ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (1996-ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകല് ചട്ടങ്ങളിലെ ചട്ടം 3-ന് അനുബന്ധമായിട്ടുള്ള പട്ടികയിൽ 149-ാമത്തെ ഇനമായി റേഷൻ റീട്ടെയില് ഷോപ്പുകള് ഉൾപ്പെടുത്തിയിട്ടുണ്ട്). എന്നാൽ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതില് നിന്ന് പഞ്ചായത്ത് പരിധിയില് പ്രവർത്തിക്കുന്ന റേഷന് ഷോപ്പുകളില് നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ടി റേഷൻ കടങ്ങളില് നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികള് സ്വീകരിക്കേണ്ടതാണ്.

## 2-4-2 വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസ് ലിസ്റ്റില് ഉൾപ്പെട്ടില്ല

ഡി & ഒ ട്രേഡ് ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ഓരോ വർഷത്തെയും ലൈസൻസ് അപേക്ഷാ രജിസ്റ്റർ മാത്രമാണ് പഞ്ചായത്തില് സൂക്ഷിച്ച് വരുന്നത്. ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷം 264 സ്ഥാപനങ്ങളാണ് ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറില് നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2017-18 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങള് | 797 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതല് തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 11 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 5 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 4 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകള് | 22 |
| ഓഫീസ് ആവശ്യം | 66 |
| വ്യവസായാവശ്യത്തിനുള്ള -കൈത്തറിഷെഡ്, കയർപിരിഷെഡ് | 57 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 31 |
| റിസോർട്ടുകള് | 10 |
| ആകെ എണ്ണം | 1003 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശം പ്രകാരം, പഞ്ചായത്ത് പരിധിയിൽ 1003 കെട്ടിടങ്ങൾ വിവിധ വാണിജ്യ

വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 264 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങള് പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി പഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളെയും ഡി ആന്റ് ഒ പരിധിയിൽ ഉൾപ്പെടുത്താന് ശ്രദ്ധിക്കേണ്ടതാണ്.

## 2-4-3 ലൈസൻസ് അപേക്ഷകളില് ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴില് നികുതി ഡിമാൻഡ് ചെയ്ത് ഈൗടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമര്പ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈൗടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതില് നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കരീംസ് ഫ്രൈം പാനൽ ബിൽഡേഴ്സ് | 8 |
| 2 | സൂരജ് സ്പിന്റേഴ്സ് | 12 |
| 3 | മേരി മാതാ മാച്ചസ് | 7 |
| 4 | റോയൽ ഇൻഡസ്ട്രീസ് | 9 |
| 5 | ഏറ്റുമാനൂർ മാച്ച് ഫാക്ടറി | 10 |
| 6 | സ്വർണ്ണാഞ്ജലി, (സ്വർണ്ണാഭരണ നിർമ്മാണം) | 7 |
| 7 | പാലാക്കരി ഫിഷ് ഫാം | 6 |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (i) (ii) (iii) പ്രകാരം ഒരു വ്യക്തി ഒാരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തില്

കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതല് മുടക്കുകളില് നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും നിയമാനുസൃത ഇളവുകളില്ലാത്ത തൊഴിൽനികുതി പരിധിയില് ഉൾപ്പെടുന്ന ജീവനക്കാരെ തൊഴില് നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതാണ്. മെഡിക്കല് സ്റ്റോറുകളിലെ ജീവനക്കാർ, പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തി കരാറുകാര് തുടങ്ങിയവരെയും തൊഴിൽനികുതി പരിധിയില് കൊണ്ടുവരേണ്ടതാണ്.

## 2-5 കുത്തകപ്പാട്ടം ഈടാക്കിയിട്ടില്ല

2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം കുത്തകപ്പാട്ടം വരവിനത്തിൽ(code-431400104- rent receivable from lease of land arrear) 82,757 രൂപ ലഭിക്കാനുള്ളതായി കാണുന്നു. പരിശോധനക്കായി ഹാജരാക്കിയ കുത്തകപ്പാട്ട രജിസ്റ്ററിൽ 2014-15 വരെയുള്ള വിവരങ്ങള് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ടി രജിസ്റ്റർ പ്രകാരം 63 കുത്തകപ്പാട്ടക്കാര് ഉണ്ടെങ്കിലും അവർ കുത്തകയായി വച്ചിരിക്കുന്ന സ്ഥലത്തിന്റെ വിവരങ്ങള് രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത രജിസ്റ്റർ പ്രകാരം 2014-15 സാമ്പത്തിക വർഷം 83,585 രൂപ (44930-തൻവർഷം+38655-അരിയർ) ലഭിക്കാൻ അവശേഷിക്കുന്നു. 2014-15 വർഷം മുതല് നാളിതു വരെയുള്ള കുത്തകപ്പാട്ടം കുടിശ്ശിക സഹിതം കുത്തകക്കാരിൽ നിന്ന് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2014-15 വരെയുള്ള കുത്തകപ്പാട്ട രജിസ്റ്ററെ കണ്ടെത്താന് കഴിഞ്ഞിട്ടുള്ളൂയെന്നും ആയതിന് ശേഷം കുത്തകപ്പാട്ടം ഈടാക്കിയതായി കാണുന്നില്ലായെന്നും സെക്രട്ടറി മറുപടി നൽകി. ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-6 പ്രത്യേക ആവശ്യത്തിന് ലഭിച്ച തുകകൾ വിനിയോഗിച്ചിട്ടില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളില് നിന്നും ലഭിച്ച തുകകള് ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളില് ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 320100115 | കേന്ദ്രാവിഷ്കൃത പദ്ധതി –സമ്പൂർണ്ണ ശുചിത്വയജ്ഞം | 18,53,127 |
| 2 | 320100121 | കേന്ദ്രാവിഷ്കൃത പദ്ധതി-ഐ.സി.ഡി.എസ് | 7,42,060 |
| 3 | 320100116 | സർവ്വ ശിക്ഷ അഭയാന് | 7,894 |
| 4 | 320300199 | കേന്ദ്ര സർക്കാരില് നിന്നുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്- | 15,00,000 |
| 5 | 320300103 | സമ്പൂർണ്ണ ശുചിത്വം | 22,414 |
| 6 | 320700304 | സ്പെസിഫിക്ക് പർപ്പസ് പ്രോജക്ടുകൾക്കുള്ള വിഹിതം-ബ്ലോക്ക് പഞ്ചായത്ത് | 5,00,000 |
| 7 | 320700205 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 3,47,891 |

മേൽ തുകകൾ ചെലവഴിക്കാത്തതിന്റെ കാരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(4/18.01.19) തുക 2018-19 വർഷം ചെലവഴിക്കുന്നതാണെന്ന് മറുപടി നൽകി. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയില് 8,47,891 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടില് സൂക്ഷിച്ചിരിക്കുന്നത് സർക്കാര് ഉത്തരവ് നം.7/2017/ഫിൻ 27.1.2017ന്റെ ലംഘനമാണ്. പ്രസ്തുത ഉത്തരവ് ഖ.VI പ്രകാരം ഇംപ്ലിമെന്റിംഗ് ലോക്കൽ ബോഡി ടി അക്കൗണ്ടിലെ തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുക ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ശരിയല്ല. തുക ചെലവഴിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-7 രേഖകൾ ഹാജരാക്കിയിട്ടില്ല

സ്ഥാപനത്തിന്റെ 2017-18 വർഷത്തെ സാമ്പത്തിക കണക്കുകള് പ്രകാരം Sale of Usufructs of trees(code-150100107) എന്ന ശീർഷകത്തില് 60,326 രൂപയുടെ വരവ് കാണുന്നു. ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വസിഷന്(നമ്പർ 3) മറുപടി

ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച പരിശോധന നടത്താന് സാധിച്ചിട്ടില്ല. പ്രസ്തുത രേഖകൾ അടിയന്തിരമായി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-8 ഇ-ടെൻഡര് ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ നടപടികള് സ്വീകരിക്കണം

5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. ഇ-ടെണ്ടറുകളിൽ ടെണ്ടർഫാറവില, ഇ.എം.ഡി തുടങ്ങിയവ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടില് ആണ് നിലവിൽ നിക്ഷേപിക്കുന്നത്. 2017-18 വർഷം ഗ്രാമപഞ്ചായത്തിലെ ഇ -ടെൻഡര് ഫീസിനത്തില് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ട തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങള് ലഭ്യമാക്കുവാന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, തുകകൾ ഗ്രാമപഞ്ചായത്തിലേക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലര് പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ലെങ്കിൽ അക്കൗണ്ട് തുടങ്ങുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇ-ടെൻഡര് ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങള്

## 3-1 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ടാപ്പൊന്നിന് 5250 നിരക്കില് 244 ടാപ്പുകൾക്ക് പ്രതിമാസം 106750 നിരക്കില് വെള്ളക്കരം ഒടുക്കി വരുന്നു. തൻവർഷം വികസനഫണ്ടില് നിന്നും വിവിധ ബില്ലുകൾ പ്രകാരം 9,77,574 രൂപ കേരള വാട്ടർ അതോറിറ്റിയില് ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 7/17, 2/18 മാസങ്ങളിലെ ബില്ലുകൾക്കൊപ്പം 12,975 രൂപ (8667 + 4308) ഫൈനും ഒടുക്കിയിട്ടുണ്ട്. ആദ്യനാളുകളിൽ തനതുഫണ്ടില് നിന്നുമാണ് വെള്ളക്കരം ഒടുക്കിയിരുന്നതെന്നും തനതുഫണ്ടിൽ തുക കുറവായിരുന്നതിനാൽ കൃത്യമായി ഒടുക്കാത്തതിനാലാണ് ഫൈന് വന്നതെന്നും അന്വേഷണക്കുറിപ്പിന്(23/22.01.19)

സെക്രട്ടറി മറുപടി നൽകി. എന്നാൽ നാളിതുവരെ വാട്ടര് അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കൃത്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തുന്നതിനും ടാപ്പുകളുടെ എണ്ണം കൃത്യമാക്കുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം പദ്ധതി- അപാകതകള്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം പദ്ധതി (പ്രോജക്ട് നം.71/18) പ്രകാരം സ്പോർട്ടി സ്പോർട്സ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തില് നിന്നും ബാഡ്മിന്റണ്, വോളിബോൾ, ക്രിക്കറ്റ് കിറ്റുകളുൾപ്പെടെയുള്ള സ്പോർട്സ് കിറ്റുകള് 7 രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും 42735 ചെലവഴിച്ച് (ബിൽ നം.39/27.03.18) വാങ്ങി നൽകി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- സ്പോർട്സ് കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങളെക്കുറിച്ച് യുവജനക്ലബ്ബുകളുടെ ഏകോപനസമിതി വിളിച്ചുകൂട്ടി തീരുമാനമെടുത്തത് സംബന്ധിച്ച രേഖകളില്ല.
- ഒരു ക്ലബ്ബ്/സംഘടനയ്ക്ക് 2,000 രൂപയിലധികരിയ്ക്കാത്ത സ്പോർട്സ് ഉപകരണങ്ങളേ വാങ്ങി നൽകാവൂ എന്നിരിയ്ക്കേ ക്ലബ്ബൊന്നിന് 4,000 മുതല് 6,000 രൂപ വരെ ചെലവഴിച്ചു.
- ക്ലബ്ബുകളുടെ അപേക്ഷകളും, വ്യവസ്ഥകൾ നിർണയിച്ച് ഉപകരണങ്ങള് ക്ലബ്ബുകൾക്ക് കൈമാറിയതിന്റെ വിവരവും ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 22.1.19ൽ നൽകിയ 20-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേല് പ്രോജക്ടിനായുള്ള 42,735 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 കാട്ടിക്കുന്ന്-തുരുത്തേൽ പാലം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എല്.ബി.എസ്. ന് തുക നൽകിയത് - ചെലവ് തടസ്സപ്പെടുത്തുന്നു

കാട്ടിക്കുന്ന്-തുരുത്തേൽ പാലം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എൽ.ബി.എസ്. ന് വികസനഫണ്ടിൽ നിന്നും 3,14,047

രൂപ (ബിൽ നം.27/30.01.18) നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രാഥമിക ചെലവുകൾക്കായാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും, എൽ.ബി.എസ്. മുഖേന മണ്ണ് പരിശോധനയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തതായും തുടർപ്രവർത്തനങ്ങള് നടന്നുവരുന്നതായും 22.1.19ലെ 21-ാം നമ്പർ അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കി. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയ ഫയലില് ഇല്ല. മാത്രമല്ല പദ്ധതി പൂർത്തീകരിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി എൽ.ബി.എസ്. ന് നൽകിയ 3,14,047 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 കൂടിയ നിരക്കിൽ യുപിഎസ് വാങ്ങി-നെഗോഷ്യേറ്റ് സാധ്യതകൾ അന്വേഷിച്ചില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ടില് നിന്നും തൻവർഷം 175938 (ബിൽ നം. 37/23.03.18) ചെലവഴിച്ച് കൊച്ചി ഇഗാടെക്കിൽ നിന്നും 5kv യുടെ യുപിഎസ് പഞ്ചായത്ത് ഓഫീസിലേയ്ക്ക് വാങ്ങിയിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച മറ്റ് സ്ഥാപനങ്ങളായ Hykon India Ltd 1,62,500 രൂപയും Supra Electronics 1,69,920 രൂപയുമാണ് ക്വാട്ട് ചെയ്തിരുന്നതെങ്കിലും ഈ 2 സ്ഥാപനങ്ങളെയും ബാറ്ററിയുടെ ബാക്ക്അപ് എത്ര മണിക്കൂർ എന്ന് ടെണ്ടറില് രേഖപ്പെടുത്തിയിരുന്നില്ലെന്ന കാരണത്താൽ ഒഴിവാക്കി.(ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനവുമായി താരതമ്യപ്പെടുത്തുമ്പോൾ 13,000 രൂപയിലധികം വ്യത്യാസം വരുമെന്നിരിക്കേ ബാറ്ററി ബാക്ക്അപ്പ് സംബന്ധിച്ച് സ്ഥാപനവുമായി കത്തിടപാടുകൾ നടത്തുകയോ, ഇഗാടെക്കുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിനോ ശ്രമിക്കാതിരുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകതകള് ഒഴിവാക്കേണ്ടതാണ്.

## 3-5 തെരുവുവിളക്ക് റിപ്പയർ - വീശദാംശങ്ങള് ഇല്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്ട്രീറ്റ്ലൈറ്റ് റിപ്പയർ-പദ്ധതിയിൽ (പ്രോജക്ട് നം.101/18) കണ്ടത്തിച്ചിറയിൽ ട്രേഡേഴ്സ്, വൈയ്ക്കം എന്ന സ്ഥാപനത്തിൽ നിന്നും 200 ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി (65990 ബില് നം.26/30.1.18) ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളില് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് മുഴുവൻ വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. ഏതൊക്കെ വാർഡുകളില് സ്ഥാപിച്ചുവെന്നതിന്റെ വിശദാംശവും പദ്ധതി പൂൂർത്തീകരണ സാക്ഷ്യപത്രവും ഇല്ല. ഈ സാഹചര്യത്തിൽ മേല് പ്രോജക്ടിനായുള്ള 65,990 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 സ്ട്രീറ്റ്ലൈന് എക്സ്റ്റൻഷന്- വിനിയോഗവിവരമില്ല

സ്ട്രീറ്റ്ലൈന് എക്സ്റ്റൻഷന് പദ്ധതിയിൽപ്പെടുത്തി 2,75,785 രൂപ (ബിൽ നം.32/14.3.18)യും ബ്ലോക്ക് വിഹിതം 2 ലക്ഷം(ചെലാൻ നം.2889412/16.3.18)രൂപയുമുൾപ്പെടെ 4,75,785 രൂപ ചെമ്പ് കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.യുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണവിവരം ലഭ്യമല്ല. വിനിയോഗവിവരം ലഭ്യമാക്കുന്നതു വരെ 4,75,785 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകള്

2017-18 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകള് ചുവടെ ചേർക്കുന്നു.

**I)** <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചര്- വിതരണം പൂർണ്ണമല്ല</u>

പ്രോജക്ട് നമ്പർ-25/18

ചെലവ്- 1,98,000

ബിൽ നമ്പര് 32/17-18 തീയതി 17.3.18

പട്ടികജാതിയിൽപെട്ട 40 വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചറുകള് (മേശ, സ്റ്റീൽ കസേര) വിതരണം ചെയ്യാനാണ് പ്രോജക്ട് രൂപീകരിച്ചത്. കുറഞ്ഞ ടെണ്ടർ സമർപ്പിച്ച കണ്ടത്തിച്ചിറയിൽ ട്രേഡേഴ്സ്, തലയാഴം എന്ന സ്ഥാപനത്തിനാണ് പർച്ചേസ് ഓർഡര് നൽകിയത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകള് ചുവടെ ചേർക്കുന്നു.

1.ആകെ 23 വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചറുകള് വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 13 വിദ്യാർത്ഥികളുടെ അപേക്ഷകളും സ്കൂൾ സർട്ടിഫിക്കറ്റുകളും മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്.

2) 40 വിദ്യാർത്ഥികൾക്ക് വേണ്ടി ഫർണ്ണീച്ചറുകള് വാങ്ങിയെങ്കിലും 23 പേർക്ക് മാത്രം വിതരണം ചെയ്തതിന്റെ കാരണം വ്യക്തമല്ല.

അപാകതകൾ ചൂണ്ടിക്കാട്ടി 18.1.19ൽ നൽകിയ 5-ാം നമ്പർ എൻക്വയറിക്ക്, മതിയായ ഗുണഭോക്താക്കളെ

ലഭ്യമാകാതിരുന്നതിനാലാണ് പൂർണ്ണമായി ഫർണ്ണിച്ചറുകള് വിതരണം ചെയ്യാതിരുന്നതെന്നും എത്രയും വേഗം അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കാമെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥന് മറുപടി ലഭ്യമാക്കിയത്. മതിയായ ഗുണഭോക്താക്കളെ കണ്ടെത്താതെ വികസനഫണ്ട് മുൻകൂര് മാറിയ നടപടി അംഗീകരിക്കാനാവില്ല. അപാകതകൾ പരിഹരിക്കുന്നതിലേക്കായി രേഖകളില്ലാതെ വിതരണം ചെയ്ത 10 ഫർണ്ണിച്ചറുകളുൾപ്പെടെ 27(10+17) ഫർണ്ണിച്ചറുകളുടെ ചെലവ് (27x4950 = 1,33,650 രൂപ) തടസ്സപ്പെടുത്തുന്നു.

**II)** <u>എസ്.സി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് - എല്ലാ അപേക്ഷകളും ലഭ്യമായില്ല</u>

പ്രോജക്ട് നമ്പര്- 30/18

ചെലവ്-99,000(വികസനഫണ്ട്)

ബിൽനമ്പർ-33/17-18 തീയതി 23.3.18

33,000(ഗുണഭോക്തൃവിഹിതം)

44 എസ്.സി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം ചെയ്യുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 500 ലിറ്ററിന്റെ ഒരു ടാങ്കിന് 3,000 രൂപ നിരക്കില് ടെണ്ടര് സമർപ്പിച്ച വിക്ടോറിയ പോളിമേഴ്സ് തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും പർച്ചേസ് നടത്തുകയും ചെയ്തു. ടാങ്ക് കൈപ്പറ്റിയ ശ്രീമതി വിലാസിനി കട്ടത്തറ(രജിസ്റ്ററിലെ ക്രമ നമ്പർ 28), കുസുമൻ ചാലത്തറയില് (രജിസ്റ്ററിലെ ക്രമ നമ്പര് 23) എന്നിവരുടെ അപേക്ഷകളും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാമെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/18.1.19) നൽകിയ മറുപടി. രേഖകൾ ലഭ്യമാക്കുന്നതുവരെ മേല് പ്രോജക്ടിനായുള്ള 6,000(3000+3000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**III)** <u>എസ്.സി വിഭാഗത്തിന് സ്വയം തൊഴിലിന് ഇരുചക്രവാഹന സബ്സിഡി–അധിക നിരക്ക് നൽകി</u>

പ്രോജക്ട് നമ്പർ-28/18

ചെലവ്-3,42,385(വികസനഫണ്ട്)

| ബിൽ നമ്പര് | തുക | തീയതി |
|---|---|---|

| | | |
|---|---|---|
| 6/17-18 | 97,100 | 6.1.18 |
| 2/17-18 | 65,200 | 17.11.17 |
| 10/17-18 | 70,055 | 19.1.18 |
| 18/17-18 | 20,550 | 24.2.18 |
| 22/17-18 | 22,100 | 24.2.18 |
| 30/17-18 | 67,380 | 23.3.18 |
| ആകെ | **3,42,385** | |

എസ്.സി വിഭാഗത്തിൽപെട്ട 15 ഗുണഭോക്താക്കൾക്ക് സ്വയം തൊഴില് ചെയ്യുന്നതിന് ഇരുചക്രവാഹനം വാങ്ങുന്നതിന് സബ്സിഡി നൽകുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ഗുണഭോക്താക്കൾ വിവിധ ഷോറൂമുകളിൽ നിന്ന് നേരിട്ട് വാഹനം വാങ്ങുകയും പർച്ചേസ് ഇൻവോയിസിന്റെ അടിസ്ഥാനത്തില് സബ്സിഡി തുക ബന്ധപ്പെട്ട ഷോറൂമുകളുടെ അക്കൗണ്ടുകളിലേക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകള് ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണവകുപ്പിന്റെ ജി.ഒ(എം.എസ്) 80/17 തീയതി 3.4.17 നമ്പര് ഉത്തരവിന്റെ ഖണ്ഡിക 8.7(5) പ്രകാരം വാഹന വിലയുടെ 33.33 ശതമാനം തുകയെ സബ്സിഡി നൽകാവൂ. എന്നാൽ വാഹന വിലയോടൊപ്പം ടാക്സും ഇൻഷുറൻസും ചേർന്ന തുകയുടെ 33.33 ശതമാനം സബ്സിഡി നൽകിയതുമൂലം അധികച്ചെലവുണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | വാഹനത്തിന്റെ അടിസ്ഥാനവില | ടാക്സ്,ഇൻഷുറൻസ് ഉൾപ്പെടെ വില | നൽകിയ സബ്സിഡി | നൽകാവുന്ന സബ്സിഡി | അധികം |
|---|---|---|---|---|---|
| മനോജ് കെ.ആർ., കോങ്കേരിച്ചിറ | 63,174 | 69,405 | 97,100 | 81,298 | 15,802 |
| ശ്രീകാന്ത് കെ.എസ്., കൊട്ടാരത്തിൽ വീട് | 66,122 | 79,261 | | | |
| രാജേന്ദ്രൻ, ചാവക്കാട്ട് കുഴി | 61,107 | 76,777 | | | |
| അനുരാജ്, വടക്കേആരാക്കൽ | 53,515 | 66,417 | | | |

| | | | | | |
|---|---|---|---|---|---|
| ദീനാ കനകാംബരൻ, തുരുത്തുമ്മേൽ | 53,323 | 67,630 | | | |
| അമൽരവി, ചാക്കശ്ശേരിൽ | 53,379 | 66,317 | 65,200 | 53,892 | 11,308 |
| സിജു, ഇടത്തിച്ചിറയിൽ | 54,991 | 62,027 | | | |
| സന്ധ്യഅനിൽ, വേലിക്കകത്ത് | 53,323 | 68,367 | | | |
| രാജേഷ്, തേക്കുംതറ | 66,178 | 78,253 | 70,055 | 57,851 | 12,204 |
| രാജൻ, ചിറയിൽതറ | 54,070 | 63,546 | | | |
| സുരേഷ് കെ.എൻ., കരീത്തറ | 54,991 | 68,518 | 20,550 | 18,328 | 2,222 |
| ബിന്ദു രാജേന്ദ്രൻ, തെന്നപ്പള്ളിൽ | 53,515 | 66,467 | 22,100 | 17,836 | 4,264 |
| മിഥിൻജിത്ത് ക്രാംപള്ളിൽ | 53,515 | 66,467 | | | |
| ജയൻ കളർകോട് | 55,071 | 70,678 | 67,380 | 56,916 | 10,464 |
| ബിനിൽഭാസി കൊട്ടാരത്തിൽ | 62,178 | 70,180 | | | |
| | | ആകെ | **3,42,385** | **2,86,121** | **56,264** |

2) വാഹനത്തിന്റെ പരിപാലനം, ഉപയോഗം, തുടർകൈമാറ്റം എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടിട്ടില്ല. ശൂന്യമായ മുദ്രപ്പത്രങ്ങൾ മാത്രം ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

3) രാജൻ ചിറയിൽതറ, സുരേഷ് കെ.എൻ. കരീത്തറ, ബിന്ദു രാജേന്ദ്രൻ, മിഥിൻജിത്ത്, ജയൻ, ബിനിൽഭാസി എന്നീ

ഗുണഭോക്താക്കളുടെ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വര് ചെയ്ത രേഖകള് എന്നിവ പരിശോധനക്ക് ലഭ്യമായില്ല.

അധിക തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/18.1.19)വ്യക്തമായ മറുപടി ലഭ്യമായില്ല. മറ്റ് രേഖകൾ ഓഡിറ്റില് ലഭ്യമാക്കാമെന്നാണ് നിർവ്വഹണോദ്യോഗസ്ഥന് മറുപടി നൽകിയത്. മേൽ പരാമർശിച്ച അപാകതകളാല് അധികമായി നൽകിയ 56,264 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് നിർവ്വഹണോദ്യോഗസ്ഥനില് നിന്നോ ഗുണഭോക്താക്കളില് നിന്നോ തിരികെ ഈടാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ബാക്കി 2,86,121 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ഗുണഭോക്തൃസമിതി കൺവീനർക്ക് പ്രവൃത്തി - 20,571 രൂപ അധികം നല്കി

| | |
|---|---|
| പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | 147/18, രാജൻകവല മുകളേല് റോഡ് മെറ്റലിങ്ങ് ടാറിംഗ് |
| അടങ്കൽ | 3,30,000/-മെയിന്റനൻസ് ഫണ്ട് റോഡ് |
| ചെലവ് | 2,93,875 |
| കൺവീനര് | ശ്രീ.പ്രശോഭൻ |
| എം. ബുക്ക് നം. | 51/16-17 |

ധനകാര്യ (ഇൻസ്&പി.ഡബ്ലിയു--ബി)വകുപ്പിന്റെ 14.12.16ലെ ഇൻഡ് & പി.ഡബ്ലിയു. ബി2/2666/2016 നമ്പര് സർക്കുലര് പ്രകാരം നികുതിവിഹിതങ്ങള് അടവാക്കുന്നതിനുള്ള അധികതുകയ്ക്കാണ് ഗുണഭോക്തൃസമിതി വേലകൾക്ക് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃസമിതി നിർവ്വഹിച്ച മേല് പ്രവൃത്തിക്ക് 10% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 1.7.17 മുതല് ജി.എസ്.ടി നിലവിൽ വരുകയും സ.ഉ.(അച്ചടി) 87/17 ത.സ്വ.ഭ.വ 1.11.17 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി കിഴിവ് ചെയ്യുന്നത് ജി.എസ്.ടി കൗൺസില് താല്കാലികമായി ഒഴിവാക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തില് 7% കുറച്ചുള്ള തുക പിൻവലിക്കുകയും നികുതി ഇനത്തില് 3% തുക കൺവീനറില് നിന്നും ഈടാക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഓവർഹെഡ് ചാർജ്ജിനത്തില് 10% എസ്റ്റിമേറ്റില് വകയിരുത്തിയിട്ടുള്ള തുക

പിൻവലിക്കുകയും 3% നികുതി കിഴിച്ചുള്ള തുക കൺവീനർക്ക് നല്കുകയും ചെയ്തപ്പോള് ഓവർഹെഡ് ചാർജിനത്തില് 7% അനർഹമായി കൺവീനർക്ക് നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നൽകേണ്ടത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം | 2,93,875 | 2,93,875 |
| എസ്റ്റിമേറ്റിൽ അധികം വകയിരുത്തിയ 7% കുറക്കുക | 20,571 | - |
| പിൻവലിക്കേണ്ട തുക | 2,73,304 | |
| കുറയ്ക്കുക-ഐ.ടി (2%) | 5,878 | 5,878 |
| KBOCWWF (1%) | 2,939 | 2,939 |
| സെസ്സ്(1%KBOCWWF) | 29 | 29 |
| ബാരൽ വില | 2,618 | 2,618 |
| കൺവീനർക്കുള്ള തുക | 2,61,840 | 2,82,411 |

ഇപ്രകാരം 20,571/- രൂപ(282411-261840) കൺവീനർക്ക് അനർഹമായി നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.9/19.1.2019) മറുപടി നൽകിയില്ല. അധികം നൽകിയ 20,571 രൂപ കൺവീനറില് നിന്നും ഈടാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ആവശ്യമായ നടപടികള് സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 സേവനനികുതി കേന്ദ്രസർക്കാരിലേക്ക് അടവാക്കിയിട്ടില്ല

താഴെപറയുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റില് സേവനനികുതിയിനത്തില് വകയിരുത്തിയ തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് കേന്ദ്രസർക്കാറിലേക്ക് അടവാക്കുന്നതിന് പകരം തനതുഫണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട്/പ്രോജക്ട് നം. | കരാറുകാരൻ | സേവനനികുതി ഇനത്തില് പിൻവലിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 137/18 അംബേദ്കര് കമ്മ്യൂണിറ്റി ഹാള് വികസനപ്രവർത്തനങ്ങള് | നയൻകുമാര് കെ.സി. | 25,600 |
| 2 | 173/18 ചെമ്പ് മാർക്കറ്റ് ടൈല് വിരിക്കല് | ബൈജു എം. മണി | 8,485 |
| 3 | 172/18 ബ്രഹ്മമംഗലം മാർക്കറ്റ് സ്റ്റാള് നവീകരണം | കെ.ജി. എൽദോസ് | 16,985 |

സേവന നികുതിയിനത്തിൽ വകയിരുത്തിയ തുക ബില് മാറിയ തീയതിയില് തന്നെ കേന്ദ്ര സർക്കാരിലേയ്ക്ക് ഒടുക്കേണ്ടിയിരുന്നു. ഇപ്രകാരം സേവന നികുതിയിനത്തിൽ ഒടുക്കാതെ തനത്ഫണ്ടിൽ ക്രെഡിറ്റ് ചെയ്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്, (നം.2/18.1.19) തുക അടവാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-10 സ്പില് ഓവര് പദ്ധതികള് നടപ്പിലാക്കാത്തത് സംബന്ധിച്ച്

നിർവഹണ ഉദ്യോഗസ്ഥന് - അസിസ്റ്റന്റ് എഞ്ചിനീയര്, എൽ.എസ്.ജി.ഡി.

2017-18 വർഷം സ്പില് ഓവറായ താഴെപറയുന്ന പദ്ധതികള് നടപ്പാക്കിയില്ല.

| പ്രോജക്ട് | അടങ്കൽ |
|---|---|
| 140/18 കഷ്നായിപ്പറമ്പ് കറുപ്പശ്ശേരി റോഡ് ഓട നിർമ്മാണം | 4,99,000 |
| 144/18 അങ്കണവാടി മെയിന്റനൻസ് | 4,99,000 |
| 145/18 അയ്യൻകോവില് കടുത്താപ്പള്ളി റോഡ് മെറ്റലിങ്ങ് & ടാറിങ്ങ് | 3,20,000 |
| 149/18 അങ്കണവാടി അമ്പാട്ട് റോഡ് മെറ്റലിങ്ങ് & ടാറിങ്ങ് | 24,875 |
| 153/18 പോസ്റ്റോഫീസ് വെള്ളാശ്ശേരി റോഡ് റീടാറിങ്ങ് | 2,00,000 |
| 135/18 യു പി സ്ക്കൂള് മണിക്കവല റോഡ് റീടാറിങ്ങ് | 21,491 |

മേൽ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ, കരാറുകാരുടെ വിവരം, കരാർ, EMD,SD നടപ്പിലാക്കാത്തതിന്റെ കാരണം തുടങ്ങിയവയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.3/18.1.2019) മറുപടി നൽകിയില്ല. പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പില് ഓവറായി തുടർ വർഷങ്ങളില് ഉൾപ്പെടുത്തുന്നത്. 29.3.17-ലെ ജി.ഒ (എം.എസ്) 72/2017/തസ്വഭവ നമ്പർ മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽ ഓവർപ്രോജക്ടുകള് അവ സ്പിൽ ഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. കരാർ ലംഘനത്തിന് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടുന്നതിന് ഉൾപ്പെടെയുള്ള നടപടികള് സ്വീകരിക്കേണ്ടതാണ്. സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രോജക്ടുകള് നടപ്പാക്കാത്തതു വഴി മറ്റ് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന തുക പാഴായിപോകുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ വിഷയത്തില് ഇടപെടലുകൾ നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന പണം പാഴായി പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 3-11 മൽസ്യത്തൊഴിലാളികൾക്ക് വല- അധികമായി 5,000 രൂപ പിൻവലിച്ചു

പ്രോജക്ട് നമ്പർ-22/18

നിർവ്വഹണോദ്യോഗസ്ഥ-ഫിഷറീസ് സബ് ഇൻസ്പെക്ടര്

ചെലവ്-45,000(വികസനഫണ്ട്)

ബിൽ നമ്പര് 1/17-18 തീയതി 24.11.17 തുക 17,500

ബിൽ നമ്പര് 8/17-18 തീയതി 28.3.18 തുക 27,500

16 മൽസ്യത്തൊഴിലാളികൾക്ക് വല വാങ്ങി നൽകുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 5,000 രൂപ വിലയുള്ള വല മൽസ്യഫെഡ് നെറ്റ് ഫാക്ടറിയിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 16 ഗുണഭോക്താക്കളില് നിന്ന് ഗുണഭോക്തൃവിഹിതമിനത്തിൽ 40,000 രൂപ പിരിച്ചെടുത്ത് മല്സ്യഫെഡിനു നൽകി (2500x16). 50% വികസനഫണ്ട് വിഹിതം എന്ന നിലയിൽ 40,000 രൂപ പിൻവലിച്ചാല് മതിയായിരുന്നു. എന്നാൽ 45,000 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് മൽസ്യഫെഡിനു നൽകിയതിനാല് 5,000 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നമ്പർ 18/22.1.19). രണ്ട് ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടക്കാത്തതിനാലാണ് ആനുകൂല്യം നൽകാതിരുന്നതെന്നും 2018-19 വർഷത്തില് രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുമെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയത്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ മേല് പ്രോജക്ടിന് അധികമായി ചെലവഴിച്ച 5,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ആട് വളർത്തൽ(ജനറൽ)(എസ്.സി)-രേഖകൾ ലഭ്യമായില്ല

1) പ്രോജക്ട് നമ്പർ-52/18(എസ്.സി.പി)

ചെലവ്-99,000(വികസനഫണ്ട്)

33,000(ഗു.വിഹിതം)

ബിൽ നമ്പര് 7/17-18 തീയതി 27.3.18
നിർവ്വഹണോദ്യോഗസ്ഥന് - വെറ്ററിനറി സർജന്

11 ഗുണഭോക്താക്കൾക്ക് 2 ആട്ടിന് കുട്ടിയെ വീതം വാങ്ങിയതിന് ആടൊന്നിന് 6,000 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ആടുകളെ ഇൻഷ്വര് ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) പ്രോജക്ട് നമ്പർ-51/18(ജനറൽ)

ചെലവ്-1,68,000(വികസനഫണ്ട്)

1,68,000(ഗു.വിഹിതം)

ബിൽ നമ്പര് 6/17-18 തീയതി 27.3.18

28 ഗുണഭോക്താക്കൾക്ക് 2 ആട്ടിന് കുട്ടിയെ വീതം വാങ്ങിയതിന് ആടൊന്നിന് 6,000 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. 10 ഗുണഭോക്താക്കള് ആടുകളെ ഇൻഷ്വര് ചെയ്തതിന്റെ വിശദാംശങ്ങൾ മാത്രമാണ്

പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകാനാവശ്യപ്പെട്ട് 19.1.2019ൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ആടുകളെ ഇൻഷ്വര് ചെയ്യുക എന്നത് പദ്ധതിയുടെ ഭാഗമല്ലായെന്നും ആയത് ഗുണഭോക്താക്കളുടെ ഉത്തരവാദിത്വമാണെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥന് മറുപടി നൽകിയത്. എന്നാൽ വെള്ളക്കടലാസ്സില് ടൈപ്പ് ചെയ്ത ഒരു പർച്ചേസ് ബില്ലില് ആടുകളെ വാങ്ങിയതും വിറ്റതുമായ വ്യക്തികളുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും ഒപ്പുകൾ മാത്രമാണ് വാങ്ങലിന്റെ ഏക തെളിവ്. പർച്ചേസ് കമ്മറ്റിയുടെ അംഗീകാരമോ മോണിട്ടറിംഗ് കമ്മറ്റിയുടെ പ്രോജക്ട് വിലയിരുത്തലിന്റെയോ വിശദാംശങ്ങൾ ഫയലില് സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾ ആടുകളെ വാങ്ങി ഇൻഷ്വര് ചെയ്യുമ്പോള് മാത്രമാണ് പർച്ചേസ് നടപടികള് പൂർണ്ണമാകുന്നത്. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി രണ്ട് പ്രോജക്ടിലുമായി ആകെ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച 2,67,000 രൂപയുടെ (99000+168000)ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-13 ഫലവൃക്ഷത്തൈകളുടെ വിതരണം - അപാകതകള്

പ്രോജക്ട് നമ്പർ-45/18

ചെലവ്- 1,00,000(വികസനഫണ്ട്)

ബിൽ നമ്പര് 12/18 തീയതി 22.2.18 തുക 98,000

ബിൽ നമ്പര് 17/18 തീയതി 22.3.18 തുക 2,000
നിർവ്വഹണോദ്യോഗസ്ഥന് - കൃഷി ഓഫീസര്

മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി കൃഷി ബിസിനസ് കേന്ദ്രം, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 327 വീതം ഗ്രാഫ്റ്റഡ് കുടംപുളി തൈകളും ബുഷ് പെപ്പർ തൈകളും റംബൂട്ടാൻ തൈകളും വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 210 പേർക്ക് മാത്രമാണ് തൈകള് വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട പലരും ആനുകൂല്യം കൈപ്പറ്റാത്തതിനാൽ ആദ്യം വരുന്നവർക്ക് ആദ്യം എന്ന ക്രമത്തില് ഗുണഭോക്തൃലിസ്റ്റില് ഇല്ലാത്തവർക്കും ആനുകൂല്യം വിതരണം ചെയ്യാന് 7.3.18 ലെ 2(5) നമ്പർ കമ്മറ്റി തീരുമാനപ്രകാരം കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്തൃലിസ്റ്റില് ഇല്ലാതെ ആനുകൂല്യം കൈപ്പറ്റിയ വ്യക്തികളുടെ പേരു വിവരവും ടിയാളുകൾക്ക് ആനുകൂല്യം നൽകിയത് സാധൂകരിച്ച ഗ്രാമസഭാമിനിട്സും ഓഡിറ്റിൽ ലഭ്യമാക്കാന്

ആവശ്യപ്പെട്ട് 22.1.19ൽ നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ഗുണഭോക്തൃലിസ്റ്റില് ഉൾപ്പെടാതെ ആനുകൂല്യം കൈപ്പറ്റിയവരുടെ ലിസ്റ്റ് തയ്യാറാക്കിയശേഷം തൊട്ടടുത്ത ഗ്രാമസഭയിൽവെച്ച് അംഗീകാരം വാങ്ങിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കാമെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയത്. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 തുല്യതാ വിദ്യാഭ്യാസ പദ്ധതി- രേഖകള് പൂർണ്ണമല്ല - 56,250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ-57/18

നിർവ്വഹണോദ്യോഗസ്ഥൻ--ഹെഡ്മാസ്റ്റര്

ചെലവ്-56,250(വികസനഫണ്ട്)

ബിൽ നമ്പർ-2/17-18 തീയതി 30.1.18 തുക 54,000

3/17-18 തീയതി 20.2.18 തുക 2,250

ആകെ 25 പേർക്ക് +2 തുല്യതാ പരീക്ഷയ്ക്ക് കോഴ്സ് ഫീസ് ഇനത്തില് 2,250 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. തുക സാക്ഷരതാമിഷന് കൈമാറുകയും ചെയ്തു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകള് ചുവടെ ചേർക്കുന്നു.

1) 20 പഠിതാക്കള് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലുള്ളവരല്ല. പ്രേരകുമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തതായാണ് ഫയല് പരിശോധിച്ചപ്പോൾ ബോദ്ധ്യമായത്.

2) പഠിതാക്കൾ കോഴ്സിനായി രജിസ്റ്റര് ചെയ്ത സർട്ടിഫിക്കറ്റ് ഫയലില് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവര് കോഴ്സിൽ പങ്കെടുത്തതായോ പൂർത്തിയാക്കിയതിന്റെയോ വിശദാംശങ്ങള് ലഭ്യമായില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി 18.1.19ൽ നൽകിയ 6-ാം നമ്പർ എൻക്വയറിക്ക്, കോഴ്സ് പൂർത്തിയായതിന്റെ വിശദാംശങ്ങളും ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റും ഉടൻ ഓഡിറ്റിൽ ഹാജരാക്കാമെന്നാണ് നിര്വ്വഹണോദ്യോഗസ്ഥൻ

മറുപടി നൽകിയത്. മേൽപറഞ്ഞ കാരണങ്ങളാല് പ്രോജക്ടിനായുള്ള 56,250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 ലൈഫ് ഭവനനിർമ്മാണം- പൂർത്തീകരണ വിവരങ്ങള് ലഭ്യമായില്ല

വി.ഇ.ഒ ചെമ്പ് നിർവ്വഹിച്ച ലൈഫ് ഭവനനിർമ്മാണം (എസ്.സി.പി) എന്ന പ്രോജക്ടിനായി (നമ്പർ 189/18) ഭിത്തിപ്പൊക്കം പൂർത്തിയാക്കുന്നതിനായി ചുവടെ ചേർക്കും പ്രകാരം 4 ഗുണഭോക്താക്കൾക്കായി 3,25,000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | അമ്മിണി കോതാനംതറ | 1,20,000 |
| 2 | മോഹനൻ, പുറവയില് | 1,40,000 |
| 3 | വാവച്ചൻ, കിഴക്കേവെട്ടുവെളിയില് | 30,000 |
| 4 | ഷാജി, ഷാജിഭവനം | 35,000 |
| | ആകെ | **3,25,000** |

മേൽ ഗുണഭോക്താക്കള് ഭവനനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങള് ഓഡിറ്റില് ലഭ്യമാക്കേണ്ടതാണ്.

## 3-16 മെഡിക്കൽ ഉപകരണങ്ങള് ലഭ്യമായിട്ടില്ല-96,224 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.35/17-18 (പാലിയേറ്റീവ് പരിചരണം)

അടങ്കൽ - 7,65,000(665000- പൊതു വിഭാഗം+ 100000- ബ്ലോക്ക് ഷെയർ)

ചെലവ്-7,60,036(660036- പൊതു വിഭാഗം+ 100000- ബ്ലോക്ക് ഷെയർ)

ബില്ലിന്റെ വിശദാംശങ്ങൾ- നം.13/17-18; തീയതി 27.03.18; തുക- 2,42,453

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ട് പ്രകാരം പാലിയേറ്റീവ് കെയറിന്

മെഡിക്കൽ ഉപകരണങ്ങള് വാങ്ങുന്നതിനായി ബില് നം 13 പ്രകാരമുള്ള 2,42,453 രൂപയില് 96,224 രൂപ (PRF4786 തീ:09.03.18 പ്രകാരം 55,233 രൂപ+ PRF5183 തീ:20.03.18 പ്രകാരം 40,991 രൂപ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്(അക്കൗണ്ട് നം.3624001800000019, പി.എൻ.ബി). എന്നാൽ സ്റ്റോക്ക് രജിസ്റ്റര് പരിശോധിച്ചതിൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമായിട്ടില്ലെന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത മെഡിക്കൽ ഉപകരണങ്ങള് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ മേല് പ്രോജക്ടിനായുള്ള 96,224/-രൂപയുടെ(ബിൽ നം.13 പ്രകാരമുള്ള ചെലവ്)ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 ബ്ലോക്ക് വിഹിതത്തിൽ നിന്ന് വാങ്ങിയ റഫ്രിജറേറ്ററും മറ്റ് ഉപകരണങ്ങളും സ്റ്റോക്കിൽ എടുത്തിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.35/17-18 (പാലിയേറ്റീവ് പരിചരണം)

അടങ്കൽ - 7,65,000(665000- പൊതു വിഭാഗം+ 100000- ബ്ലോക്ക് ഷെയർ)

ചെലവ്-7,60,036(660036- പൊതു വിഭാഗം+ 100000- ബ്ലോക്ക് ഷെയർ)

നിർവ്വഹണോദ്യോഗസ്ഥന് - മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)

പ്രസ്തുത പ്രോജക്ട് പ്രകാരം രണ്ട് ഓഫീസ് മേശകൾ, ഒരു അലമാര, ഒരു റഫ്രിജറേറ്റർ എന്നിവ വാങ്ങുന്നതിനായി ബ്ലോക്ക് വിഹിതമായി ലഭിച്ച 1,00,000 രൂപയില് 49,999 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷനുകള് ക്ഷണിക്കുകയും 2 ഓഫീസ് മേശകൾ, ഒരു അലമാര എന്നിവക്കായി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എം.എസ് ഫർണ്ണീച്ചര്, കുറവിലങ്ങാട് എന്ന സ്ഥാപനത്തിനും (19,349 രൂപ) റഫ്രിജറേറ്ററിനായി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പഴയ കടവ് ഓഡിയോ വിഷൻ, തലയോലപറമ്പ് എന്ന സ്ഥാപനത്തിനും (30,650 രൂപ) ക്വട്ടേഷൻ ഉറപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തില് കണ്ടെത്തിയ അപാകതകള് താഴെ കൊടുക്കുന്നു.

1. ബ്ലോക്ക് വിഹിതം സ്ഥാപനത്തിന് ലഭിച്ചതിന്റെയോ എം.എസ് ഫർണ്ണീച്ചര്, കുറവിലങ്ങാട്, പഴയ കടവ് ഓഡിയോ വിഷൻ, തലയോലപറമ്പ് എന്ന സ്ഥാപനങ്ങൾക്ക് തുക കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

തുക ലഭിച്ചതായുള്ള ടി സ്ഥാപനങ്ങളുടെ കൈപ്പറ്റ് രസീതുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതില് പ്രസ്തുത ഉപകരണങ്ങൾ ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററില് രേഖപ്പെടുത്തിയിട്ടില്ലെന്ന് കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/21.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേല് പ്രോജക്ടിന് ബ്ലോക്ക് വിഹിതമായി ലഭിച്ച 1,00,000 രൂപയില് 49,999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ജില്ല പഞ്ചായത്തില് നിന്നും ലഭിച്ച 20,89,141 രൂപയുടെയും വൈക്കം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 35,39,141 രൂപയുടെയും വിശദാംശങ്ങള് ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്,(പ്രോജക്ട് നം.) | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | ആർദ്രം പദ്ധതി | 10,00,000 | 10,00,000 | ഇല്ല |
| | ലൈഫ് ഭവനപദ്ധതി | 10,89,141 | 7,41,250 | 3,47,891 |
| | ആകെ ജില്ലാ പഞ്ചായത്ത് വിഹിതം | **20,89,141** | **17,41,250** | **3,47,891** |
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | തീരദേശവിജ്ഞാനകേന്ദ്രം | 5,00,000 | ഇല്ല | 5,00,000 |
| | നെൽക്കൃഷിയ്ക്ക് വിത്ത്, വളം | 1,00,000 | 1,00,000 | ഇല്ല |
| | ജൈവപച്ചക്കൃഷി ഗ്രാമം | 1,00,000 | 1,00,000 | ഇല്ല |
| | പാലിയേറ്റീവ്പരിചരണം | 1,00,000 | 1,00,000 | ഇല്ല |

| | | | | |
|---|---|---|---|---|
| | അങ്കണവാടി പോഷകാഹാരം | 5,00,000 | 5,00,000 | ഇല്ല |
| | സ്ട്രീറ്റ്ലൈറ് എക്സ്റ്റൻഷന് | 2,00,000 | 2,00,000 | ഇല്ല |
| | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 3,00,000 | 3,00,000 | ഇല്ല |
| | സ്കോളർഷിപ്പ് | 1,00,000 | 1,00,000 | ഇല്ല |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | **19,00,000** | **14,00,000** | **5,00,000** |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

ഓഡിറ്റ് വർഷത്തില് താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂര് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂര് നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്ലൈറ് എക്സ്റ്റൻഷന് | 4,75,785 | - | 4,75,785 |

നിക്ഷേപ പ്രവ്യത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം 31.03.2018 വരെ ലഭിച്ചിട്ടില്ല എന്നതിനാൽ പ്രസ്തുത തുകകള് ഡെപോസിറ്റ് ശീർഷകങ്ങളില് ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷന് അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2017-18 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തില് തുക എടുത്തിട്ടില്ല. ഈയിനത്തിൽ തിരിച്ചടവും ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തില് ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3,95,833.40 |
| തൻവർഷം നിക്ഷേപിച്ച തുക | 35,550.85 |
| ആകെ | 4,31,384.25 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപം | 43,13,84.25 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം F.D. നം. | തുക |
|---|---|
| ബ്രഹ്മമംഗലം ഗ്രാമസ്വരാജ് എസ്.സി.ബി<br>F.D. നം. 3435 | 4,30,562 |
| പോസ്റ്റോഫീസ്, ബ്രഹ്മമംഗലം,<br>F.D. നം.740464 | 822.25 |
| ആകെ | **4,31,384.25** |

## 4-6 ഓഡിറ്റ് റിക്കവറി

2017-18 വാർഷിക കണക്കുകള് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തില് തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക്

തുകയൊന്നും അടവാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടില് ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങള്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളില് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടില് ഉൾപ്പെട്ട ഖണ്ഡികകളില് തീർപ്പാക്കാന് അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളില് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികള് നിലവില് തുടരുന്ന ഖണ്ഡികകള് ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 5,86,18,213.68 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,83,45,906.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 56,264.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,98,801.00 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-7(3) | | 11,308 | ശ്രീ.രമേഷ് പി.ആർ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(3) | | 44,956 | ശ്രീ.അനൂപ് എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | **56,264** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 42,735 | ശ്രീ.എ.കെ.ജയപ്രകാശ്, സെക്രട്ടറി |
| 3-3 | 3,14,047 | ശ്രീ.എ.കെ.ജയപ്രകാശ്, സെക്രട്ടറി |
| 3-5 | 65,990 | ശ്രീ.എ.കെ.ജയപ്രകാശ്, സെക്രട്ടറി |
| 3-6 | 4,75,785 | ശ്രീ.എ.കെ.ജയപ്രകാശ്, സെക്രട്ടറി |
| 3-7(1) | 1,33,650 | ശ്രീ.അനൂപ് എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(2) | 6,000 | ശ്രീ.അനൂപ് എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(3) | 2,86,121 | ശ്രീ.അനൂപ് എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 5,000 | ശ്രീമതി മറ്റം മെറിറ്റ് കുര്യൻ, ഫിഷറീസ് സബ് ഇൻസ്പെക്ടര് |
| 3-12 | 2,67,000 | ഡോ.കോശി തങ്കച്ചൻ, വെറ്ററിനറി സർജന് |
| 3-13 | 1,00,000 | ശ്രീമതി ശോഭ പി.പി., കൃഷി ഓഫീസർ |
| 3-14 | 56,250 | ശ്രീ.ജോയി എം.കെ., ഹെഡ്മാസ്റ്റര് |
| 3-16 | 96,224 | ഡോ.റെജീഷ്, മെഡിക്കൽ ഓഫീസര്, സി.എച്ച്.സി. |

| | | |
|---|---|---|
| 3-17 | 49,999 | ഡോ.റെജീഷ്, മെഡിക്കൽ ഓഫീസര്, സി.എച്ച്.സി. |
| ആകെ | **18,98,801** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകള്, മറ്റു സ്ഥാപനങ്ങള് എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതല് അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടില് പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങള്</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രമേഷ് പി.ആർ. | -- | പ്രണവശ്രീ, വാഴൂർ പി.ഒ., കൊടുങ്ങല്ലൂർ |
| ശ്രീ.അനൂപ് എൻ. | അസിസ്റ്റന്റ് സെക്രട്ടറി, ചെമ്പ് ഗ്രാമപഞ്ചായത്ത് | കുറവൻപറമ്പില്, ബ്രഹ്മമംഗലം |

## 4-10 തീർപ്പാക്കാന് അവശേഷിക്കുന്ന റിപ്പോർട്ടുകള്

| ഓഡിറ്റ് വർഷം | ഈ വകു ുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.കെ.പി7/791/08/29.11.08 |
| 1997-98 ചെലവ് | എൽ.എഫ്.കെ.പി5/518/00 തീയ്യതി 8.9.00/19.3.02 |
| 1999-00, 00-01, 01-02 പ്ലാന് | എൽ.എഫ്.കെ.പി6/370/അദാ/14(3)തീയതി 29.5.14 |
| 1999-00 | എൽ.എഫ്.കെ.പി6/370/അദാ/14(2)തീയതി 29.5.14 |

| | |
|---|---|
| 2000-01 | എൽ.എഫ്.കെ.പി6/1595/അദാ/16/തീയതി 18.2.17 |
| 2001-02 | എൽ.എഫ്.കെ.പി6/370/അദാ/14(5)തീയതി 29.5.14 |
| 2002-03 വരവ് | എൽ.എഫ്.കെ.പി7/1694/07 തീയതി 29.11.08/12.1.09 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി1/960/അദാ1/11/29.8.11 |
| 2003-04 | എൽ.എഫ്.കെ.പി1/960/അദാ1/11(8)/29.8.11 |
| 2004-05 | എൽ.എഫ്.കെ.പി1/960/അദാ1/11(14)/29.8.11 |
| 2005-06 | എൽ.എഫ്.കെ.പി1/960/അദാ1/11(7)/29.8.11 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി6/അദാ18/135(11)/18/8.1.18 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/അദാ18/35(2)/18/8.1.18 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/അദാ18/35(3)/18/8.1.18 |
| 2009-10 | എൽ.എഫ്.കെ.പി6/687/11 തീയതി 7.11.12 |
| 2010-11, 11-12 | എൽ.എഫ്.കെ.പി6/1568/13 തീയതി 22.11.13 |
| 2012-13 | നം.കെ.എസ്.എ-കെ.ടി.എം. പി6/818/16/20.1.17 |
| 2013-14, 2014-15 | നം.കെ.എസ്.എ-കെ.ടി.എം. പി6/1767/16/25.2.17 |
| 2015-16 | നം.കെ.എസ്.എ-കെ.ടി.എം. പി6/1828/16 12.11.16 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം. പി6/1421/18/21.8.18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങള് തീർപ്പാക്കാന് അടിയന്തിര നടപടികള് സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി**6/86/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: **04812564886**

ഇ-മെയിൽ: **doktm.ksad@kerala.gov.in**

തീയതി: **15.02.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറല് നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകള് അവലംബിച്ചും കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാന് സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടില് ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങള് ഒഴികെ എന്റെ അഭിപ്രായത്തില് ചെമ്പ്

ഗ്രാമപഞ്ചായത്തിന്റെ **2017-18**ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയില് അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),**

**കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്,**

**ജില്ലാ ഒാഡിറ്റ് കാര്യാലയം, കോട്ടയം**